**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ പുറത്തൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. അബു ഫൈസലിനെതിരായ അച്ചടക്ക നടപടി - ഒ.എ.(ഇകെഎം) 2957/2017 നമ്പർ കേസിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 14.12.2017-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2410/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 11.09.2018

================================================================================

പരാമർശം:
1. പഞ്ചായത്ത് ഡയറക്ടറുടെ 02.02.2017-ലെ ഡി4-35215/2016 നമ്പർ കത്ത്
2. സർക്കാരിന്റെ 11.07.2017-ലെ ഇപിബി2/59/2015/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
3. ശ്രീ. അബു ഫൈസൽ സമർപ്പിച്ച 30.08.2017-ലെ പ്രതിവാദ പത്രിക
4. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ.(ഇകെഎം) 2957/2017 നമ്പർ കേസിന്മേലുള്ള 14.12.2017-ലെ വിധിന്യായം
5. സ.ഉ.(സാധാ) നം.226/2018/തസ്വഭവ തീയതി 24.01.2018
6. കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 28.02.2018-ലെ ഡി1-9941/16 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

മലപ്പുറം ജില്ലയില പുറത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീ അബു ഫൈസൽ ടിയാന്റെ ഉടമസ്ഥതയിലുള്ള ഭൂമിയും കെട്ടിടവും ശ്രീ. നിസ്സാമുദ്ദീൻ എന്നയാൾക്ക് ക്രയവിക്രയം നടത്തിയതുമായി ബന്ധപ്പെട്ട് ചെക്ക് നൽകിയ കേസിൽ (S.T.422/15 )ടിയാളെ കടയ്ക്കൽ ബഹു. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി 3 മാസത്തെ സാധാരണ തടവിനും 15 ലക്ഷം രൂപ നഷ്ടപരിഹാരം നല്കുന്നതിനും ശിക്ഷിച്ചിരുന്നുവെന്നും, എന്നാൽ ഈ വിധിയ്ക്കെതിരെ ശ്രീ. അബു ഫൈസൽ ബഹു. ജില്ലാ സെഷൻ കോടതിയിൽ ഫയൽ ചെയ്ത അപ്പീൽ പ്രകാരം CRJ MP No.3117/2016 in Crl A 156/2016 നമ്പർ വിധിന്യായപ്രകാരം സസ്പെന്റ് ചെയ്ത് ഉത്തരവായിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി. തുടർന്ന് ശ്രീ. അബു ഫൈസലിനെതിരെ കെ.സി.എസ്. (സി.സി.&എ) ചട്ടങ്ങൾ 1960-ലെ ചട്ടം 18 പ്രകാരം നടപടി സ്വീകരിക്കുന്നതിനായി പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. അബു ഫൈസൽ പരാമർശം (3) പ്രകാരം സമർപ്പിച്ച മറുപടിയിൽ തന്നെ നേരിൽ കേൾക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അബു ഫൈസലിനെ നേരിൽ കേൾക്കുകയുമുണ്ടായി.

തന്റെ ഭാര്യക്ക് 2010-ൽ ജോലി ആവശ്യാർത്ഥം 17 ലക്ഷം രൂപ ആവശ്യമായി വന്നുവെന്നും വസ്തു വിറ്റ് കാശ് കണ്ടെത്താൻ സാധിക്കാതെ വന്നതിനാൽ പണം പലിശയ്ക്ക് നൽകുന്ന ശ്രീ. നിസാമുദ്ദിനിൽ നിന്നും 15 ലക്ഷം രൂപ കടം വാങ്ങിയെന്നും ആയതിനു ജാമ്യമായി കടക്കൽ ഫെഡറൽ ബാങ്കിന്റെ 3 ചെക്കുകൾ ടിയാൻ നിർദേശിച്ച പ്രകാരം തിയതി രേഖപ്പെടുത്താതെ കൈമാറിയെന്നും എന്നാൽ ഭാര്യയുടെ അധ്യാപിക തസ്തികയുടെ അപ്രൂവൽ അനന്തമായി നീണ്ടതിനാൽ കടം വാങ്ങിയ തുക പറഞ്ഞ അവധിക്കുള്ളിൽ തിരികെ നല്കാൻ കഴിയാതെ വന്നുവെന്നും സ്ഥലം വിറ്റ പൈസ നൽകിയെങ്കിലും 2012 ഏപ്രിൽ ആയപ്പോഴേക്കും 8.5 ലക്ഷം രൂപ മുതലും പലിശയും എണ്ണത്തിൽ കുടിശ്ശികയായെന്നും, പറഞ്ഞ സമയത്തിനുള്ളിൽ കുടിശ്ശിക

നല്കാതിരുന്നതിനാൽ തന്നെ ഭീഷണിപ്പെടുത്തി തന്റെ വീടിന്റെയും വസ്തുവിന്റെയും ആധാരം രജിസ്റ്റർ ചെയ്തുവാങ്ങിയെന്നും, ബാധ്യത തീർക്കുമ്പോൾ വീടും വസ്തുവും തിരികെ എഴുതി നൽകുകയോ അല്ലെങ്കിൽ മുൻ ഉടമയുടെ പേരിലുള്ള കോർട്ട് അറ്റാച്ച്മെന്റ് തീർത്തശേഷം തന്റെ ബാങ്ക് ബാധ്യതയും താൻ നിസാമുദ്ദീനും, സോമൻപിള്ളയ്ക്കും നൽകുവാനുള്ള ബാധ്യതയും തീർത്തശേഷം 46 ലക്ഷം രൂപ തനിക്കു തിരികെ നൽകാമെന്നും ശ്രീ. നിസാമുദ്ദീൻ പറഞ്ഞിരുന്നുവെങ്കിലും ശ്രീ. നിസാമുദ്ദീൻ ആയതുപോലെ ചെയ്യാതിരുന്നതിനെ തുടർന്ന് താൻ 27.10.12-ൽ റൂറൽ എസ് .പി. ക്കു പരാതി നൽകിയെന്നും ആയതിൽ ഉണ്ടായ വിരോധം മൂലം താൻ നൽകിയ മൂന്ന് ചെക്കുകളിലും തീയതി രേഖപ്പെടുത്തി ബാങ്കിൽ സമർപ്പിക്കുകയും തനിക്കെതിരെ ചെക്ക് കേസ് നല്കുകയാണ് ഉണ്ടായതെന്നും ഈ കേസിൽ തന്നെ വിസ്തരിക്കാതെയാണ് കീഴ് കോടതി വിധി പുറപ്പെടുവിച്ചതെന്നും ആയതിനെതിരെ താൻ നൽകിയ അപ്പീലിൽ മേൽക്കോടതി കീഴ് കോടതി വിധി സസ് പെൻഡ് ചെയ്തിട്ടുണ്ടെന്നും ആയതിനാൽ മേൽ കേസിൽ അന്തിമ വിധി വരുന്നതുവരെ തനിക്കെതിരെ നടപടി സ്വീകരിക്കരുതെന്നും ടിയാൻ അഭ്യർത്ഥിക്കുകയുണ്ടായി.

തുടർന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീ. അബു ഫൈസൽ ഒ.എ. (ഇകെഎം) 2957/2017 ആയി ഫയൽ ചെയ്ത കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം (4) പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ ശ്രീ. അബു ഫൈസലിനെ ആറാഴ്ചയ്ക്കുള്ളിൽ നേരിൽ കേട്ട ശേഷം തീരുമാനമെടുക്കണമെന്ന് ഉത്തരവായിട്ടുണ്ട്. ബഹു. ട്രൈബ്യൂണൽ ഉത്തരവിൽ ടിയാനെതിരെയുള്ള കുറ്റം സിവിൽ നിയമ പ്രകാരമുള്ളതാണെന്നും ക്രിമിനൽ കുറ്റമല്ലെന്നും ആയതിനാൽ കെ.സി.എസ്. (സി.സി.&എ) ചട്ടം 18 ബാധകമല്ലെന്നും പ്രതിപാദിച്ചിട്ടുണ്ട്. തുടർന്ന് ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തുന്നതിന് കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് പരാമർശം (5) പ്രകാരം സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തി പരാമർശം (6) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

ശ്രീ.നിസാമുദ്ദീൻ, അനി കോട്ടേജ്, വളവ്പച്ച എന്നയാൾ ശ്രീ. അബു ഫൈസലിനെതിരെ കടയ്ക്കൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് (താൽക്കാലികം) കോടതിയിൽ ഫയൽ ചെയ്ത എസ് റ്റി 422/15 കേസിൽ ശ്രീ.അബു ഫൈസലിനെ മൂന്ന് മാസത്തെ സാധാരണതടവിനും പരാതിക്കാരന് 15 ലക്ഷം രൂപ നൽകുന്നതിനും വിധിക്കുകയുണ്ടായി. ആയതിനെതിരെ ശ്രീ. അബു ഫൈസൽ ബഹു. കൊല്ലം സെഷൻസ് കോടതിയിൽ ഫയൽ ചെയ്ത സി.ആർ.എൽ.എം.പി. നം.3117/2016 ഇൻ സി.ആർ.എൽ.എ. 156/2016- ാം നമ്പർ കേസിൽ 15.11.2016-ൽ പുറപ്പെടുവിച്ച വിധിയിൽ ബഹു. കടയ്ക്കൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് കോടതി പുറപ്പെടുവിച്ച എസ് റ്റി 422/2015- ാം നമ്പർ വിധി സസ്പെന്റ് ചെയ്തിട്ടുള്ളതാണെന്നും ടി വിഷയം ശ്രീ. അബു ഫൈസൽ ജോലി ചെയ്തിട്ടുള്ള ഏതെങ്കിലും പഞ്ചായത്തിനെ ബാധിക്കുന്ന കേസോ ടിയാളുടെ ജോലിയുടെ ഭാഗത്ത് നിന്നുള്ള വീഴ്ച കൊണ്ടോ ഉണ്ടായതല്ലായെന്നും ആയതിനാൽ ടിയാൻ ജോലി ചെയ്തിരുന്ന കടയ്ക്കൽ ഗ്രാമപഞ്ചായത്തിലെ യാതൊരു രേഖകളും ഔപചാരിക അന്വേഷണത്തിന് സഹായകരമല്ലെന്നും ടി കേസ് രണ്ട് വ്യക്തികൾ തമ്മിലുള്ളതാണെന്നും വസ്തു ക്രയവിക്രയം ചെയ്തതിന്റെ അടിസ്ഥാനത്തിൽ കൊടുക്കൽ വാങ്ങലുകൾ നടത്തിയതിലുണ്ടായ വീഴ്ചകൾ മൂലം ഉണ്ടായതാണെന്നും ടി കേസിന്മേൽ കൊല്ലം സെഷൻസ് കോടതിയിൽ നിന്നും അന്തിമവിധി ഉണ്ടായിട്ടില്ലാത്തതുമാണെന്നും ഈ വിഷയത്തിൽ അന്തിമവിധി പുറത്ത് വരാത്ത സാഹചര്യത്തിൽ ശ്രീ. അബു ഫൈസലിനെതിരെയുള്ള അച്ചടക്കനടപടികൾ അന്തിമതീർപ്പ് കൽപ്പിക്കുന്നത് വരെ നിർത്തി വയ്ക്കാവുന്നതാണെന്നും കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ ടി കേസ് രണ്ട് വ്യക്തികൾ തമ്മിൽ വസ്തു ക്രയവിക്രയം ചെയ്തതിന്റെ അടിസ്ഥാനത്തിൽ കൊടുക്കൽ വാങ്ങലുകൾ നടത്തിയതിലുണ്ടായ വീഴ്ചകൾ മൂലം ഉണ്ടായതാണെന്നും ടി കേസിന്മേൽ കൊല്ലം സെഷൻസ് കോടതിയിൽ നിന്നും അന്തിമവിധി ഉണ്ടായിട്ടില്ലായെന്നും അന്തിമവിധി പുറത്ത് വരാത്ത സാഹചര്യത്തിൽ ശ്രീ. അബു ഫൈസലിനെതിരെയുള്ള അച്ചടക്കനടപടികൾ അന്തിമതീർപ്പ് കൽപ്പിക്കുന്നത് വരെ നിർത്തി വയ്ക്കാവുന്നതാണെന്നും ശുപാർശ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ ടി കേസിന്മേൽ കൊല്ലം സെഷൻസ് കോടതിയിൽ നിന്നും അന്തിമവിധി പുറപ്പെടുവിക്കുന്നതുവരെ ശ്രീ. അബു ഫൈസലിനെതിരെയുള്ള അച്ചടക്കനടപടികൾ തീർപ്പ് കൽപ്പിക്കുന്നത് നിർത്തി വച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (4) വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. ശ്രീ. അബ്ദു ഫൈസൽ, മുൻ സെക്രട്ടറി, പുറത്തൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അഡ്വക്കേറ്റ് ജനറൽ, എറണാകുളം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി2/59/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ